## വനിതാ മാധ്യമപ്രവർത്തകർക്കെതിരെയുള്ള കേസ്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ മാസം 15-ന് എറണാകുളത്ത് നടന്ന കേരള പത്രപ്രവർത്തക യൂണിയന്റെ സംസ്ഥാന സമ്മേളനത്തിൽ വച്ച് ബഹുമാന്യനായ മുഖ്യമന്ത്രി ഒരു ആവേശകരമായ പ്രസംഗം നടത്തുകയുണ്ടായി. പത്രപ്രവർത്തകരെ കോടതി നടപടികൾ റിപ്പോർട്ട് ചെയ്യുന്നത് തടയുന്ന ഒരു സംഘം അഭിഭാഷകരുടെ നടപടിക്കെതിരായി അദ്ദേഹം ശക്തമായി പ്രസംഗിക്കുകയാണ് ചെയ്തത്. ആ സമ്മേളനത്തിൽ മുഖ്യ അതിഥിയായി ഞാനും പങ്കെടുത്തതാണ്. അഭിഭാഷകർ കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാൻ അനുവദിക്കാതിരിക്കുന്നത് പത്ര സ്വാതന്ത്ര്യത്തിന്റെ ലംഘനം മാത്രമല്ല, അറിയാനുള്ള സാധാരണക്കാരുടെ അവകാശത്തെ നിഷേധിക്കലുമാണെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. കോടതി അഭിഭാഷകരുടെ സ്വകാര്യ സ്വത്തല്ലെന്നും ആര് കയറണം, ആര് കയറേണ്ടെന്ന് തീരുമാനിക്കേണ്ടത് അഭിഭാഷകരല്ലെന്നും അദ്ദേഹം പറഞ്ഞു. നിയമം ലംഘിക്കുകയാണ് അഭിഭാഷകർ ചെയ്യുന്നതെങ്കിൽ, നിയമ ലംഘനം ഉണ്ടായാൽ അത് തടയുന്നത് സർക്കാരിന്റെ ചുമതലയാണെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. തികച്ചും ഉചിതമായ പ്രസംഗമായിരുന്നു മുഖ്യമന്ത്രിയുടേത്. അതുകൊണ്ടുതന്നെ പത്ര

സ്വാതന്ത്ര്യം ഉറപ്പാക്കാൻ സർക്കാർ സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണ ആ യോഗത്തിൽവച്ച് ഞാൻ വാഗ്ദാനം ചെയ്തു. പക്ഷെ എന്താണ് പിന്നീട് സംഭവിച്ചത്; മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കഴിഞ്ഞ് ഇന്ന് പത്താം ദിവസമാണ്. ഇപ്പോഴും പത്രപ്രവർത്തകർക്ക് കോടതികളിൽ എത്തി കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാൻ കഴിയുന്നില്ല. മാത്രവുമല്ല, അവസ്ഥ മുമ്പത്തേക്കാൾ കൂടുതൽ വഷളായിരിക്കുകയുമാണ്. തിരുവനന്തപുരം വിജിലൻസ് കോടതിയിൽ വനിതകളടക്കമുള്ള വാർത്താ ലേഖകരെ ഭീഷണിപ്പെടുത്തുകയും കയ്യേറ്റം ചെയ്യുകയും ചെയ്ത സംഭവത്തിൽ ഇരകളായ മാധ്യമപ്രവർത്തകർക്കെതിരെ പോലീസ് കേസെടുത്തിരിക്കുകയാണ്. ഇതാണോ മുഖ്യമന്ത്രി പറഞ്ഞ കോടതി മുറികളിലെ നിയമ ലംഘനം തടയൽ; കൊച്ചിയിലെ മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ മൂന്നാം ദിവസമാണ് ഇത് സംഭവിച്ചിരിക്കുന്നത്. മുഖ്യമന്ത്രിയുടെ വാക്കിന് എന്ത് വിലയാണുള്ളത്; കോടതിയിൽ പത്രപ്രവർത്തകർ പോയത് അഭിഭാഷകരെ ആക്രമിക്കാനോ മർദ്ദിക്കാനോ അല്ല. മന്ത്രിയായിരുന്ന ശ്രീ. ഇ. പി. ജയരാജനെതിരെയുള്ള കേസ് കോടതിയിൽ വന്നപ്പോൾ അത് റിപ്പോർട്ട് ചെയ്യാനാണ് അവർ പോയത്. ശ്രീ. ഇ. പി. ജയരാജന്റെ കേസ് വിളിച്ചപ്പോഴാണ് ഒരു വിഭാഗം അഭിഭാഷകർ കോടതിയിലെത്തിയ മാധ്യമപ്രവർത്തകരെ

ഭീഷണിപ്പെടുത്തി പുറത്താക്കിയത്. ജഡ്ജിയുടെ സാന്നിദ്ധ്യത്തിലായിരുന്നു ഈ അക്രമം. പോലീസ് സംരക്ഷണത്തിലാണ് പത്രക്കാർ കോടതിക്ക് പുറത്തേയ്ക്ക് വന്നത്. അപ്പോൾ അവർക്കെതിരെ കോടതി വളപ്പിൽ നിന്നും കല്ലേറുണ്ടായി. ഭാഗ്യത്തിനാണ് കല്ലേറിൽ നിന്ന് വാർത്താ ലേഖകർ രക്ഷപെട്ടത്. കല്ല് വാർത്താ ലേഖകരുടെ വാഹനങ്ങളിലും ഒ.ബി. വാനിലും വന്നുപതിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി സംസാരിച്ച് പ്രശ്നങ്ങളെല്ലാം അവസാനിപ്പിച്ചതിനുശേഷമാണ് തിരുവനന്തപുരം വിജിലൻസ് കോടതയിൽ അഭിഭാഷകർ വാർത്താ ലേഖകരെ ആക്രമിച്ചത്. അതിനുമുമ്പ് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് പത്രപ്രവർത്തകരുമായും ഉടമകളുമായും ചർച്ചകൾ നടത്തി പ്രശ്നം അവസാനിപ്പിച്ചിരുന്നു. ഇതൊന്നും തങ്ങൾക്ക് ബാധകമല്ലെന്നുള്ള നിലയിലാണ് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഏതാനും ചില അഭിഭാഷകർ പ്രവർത്തിച്ചത്. എല്ലാ അഭിഭാഷകരും അത്തരക്കാരാണെന്ന് ഞാൻ ഒരിക്കലും കരുതുന്നില്ല. ബഹുമാനപ്പെട്ട രാഷ്ട്രപതിയും ഗവർണ്ണറും ഉത്കണ്ഠ രേഖപ്പെടുത്തി. ബഹുമാന്യനായ നിയമസഭാ സ്പീക്കർതന്നെ ചീഫ് ജസ്റ്റിസിന് കത്തെഴുതി. ഇങ്ങനെ എല്ലാവരും ഇടപെട്ടിട്ടും പരിഹാരം മാത്രം ഉണ്ടാകാത്തത് വളരെ ദൗർഭാഗ്യകരമാണ്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി

പറഞ്ഞതുപോലെ, ഇത് കേരളത്തിന് അപമാനകരമാണ്. സംസ്ഥാനത്തെ ഭരണകൂടത്തിന്റെ ബലഹീനതയെയാണ് ഇത് കാണിക്കുന്നത്. തുടക്കത്തിൽത്തന്നെ ലാഘവത്തിൽ പരിഹരിക്കാൻ കഴിയുന്ന ഒരു കാര്യമായിരുന്നു ഇത്. ഭരണകൂടം ശക്തമായ നടപടിയെടുത്തില്ലെന്ന് ഞാൻ കരുതുകയാണ്. സൂചികൊണ്ട് എടുക്കാൻ കഴിയുന്നത് തൂമ്പകൊണ്ടും എടുക്കാൻ കഴിയാത്ത അവസ്ഥയിലാണ് ഇപ്പോൾ കാര്യങ്ങളുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: മൂന്ന് മിനിട്ട് കഴിഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: ഇപ്പോഴാകട്ടെ വനിതകൾ ഉൾപ്പെടെയുള്ള വാർത്താ ലേഖകരുടെ ഫോട്ടോ വച്ചുള്ള ഫ്ലക്സുകൾ റോഡരികിൽ പലയിടത്തും വച്ചിരിക്കുകയാണ്. മാധ്യമ ഗുണ്ടകളെന്ന് പറഞ്ഞ് വനിതകൾ ഉൾപ്പെടെയുള്ളവരുടെ ഫ്ലക്സുകൾ വച്ചിരിക്കുന്നത് തീർത്തും അപമാനകരമാണ്. നിക്ഷിപ്ത താൽപ്പര്യക്കാരടങ്ങുന്ന കുറച്ച് അഭിഭാഷകർ മാത്രമാണ് ഇതിന് പിന്നിലുള്ളത്. ചില വാർത്തകൾ കോടതിയിൽ നിന്ന് പുറത്തുവരരുതെന്ന് ആഗ്രഹിക്കുന്ന അഭിഭാഷകരാണ് ഇതിന്റെ പിന്നിലുള്ളത്. അഭിഭാഷകരുടെ അതിക്രമത്തിന് ഇരയായ പത്രപ്രവർത്തകരുടെ പേരിൽ കേസ് എടുത്തത് ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയുന്നതല്ല. ബഹുമാന്യനായ മുഖ്യമന്ത്രി നൽകിയ ഉറപ്പിന്

വിരുദ്ധമാണിത്. അഭിഭാഷകരെ കൂടുതൽ തെറ്റ് ചെയ്യാൻ ഈ നടപടി പ്രേരിപ്പിക്കുകയും ചെയ്യും. വനിതാ മാധ്യമപ്രവർത്തകർക്കുനേരെ എടുത്തിരിക്കുന്ന കേസ് അടിയന്തരമായി പിൻവലിക്കണമെന്ന് ഞാൻ ആഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച പത്രപ്രവർത്തകരുടെ സമ്മേളനത്തിലെ പ്രസ്താവനയിൽ തന്നെയാണ് സർക്കാർ ഇപ്പോഴും ഉറച്ചുനിൽക്കുന്നത്. ഇവിടെ മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിലുണ്ടായ പ്രശ്നങ്ങൾ ഇപ്പോൾ തുടരുന്നതിന് യാതൊരു ന്യായീകരണവുമില്ല. നേരത്തെ ഒരു സംഭവം ഉണ്ടായി. അതിന് വികാരപരമായ ഇടപെടലും ഉണ്ടായി. ആ സംഭവത്തിന്റെ പോസ്റ്റുമോർട്ടത്തിലേയ്ക്ക് ഇപ്പോൾ കടക്കേണ്ടതായിട്ടില്ല. അത് ബഹുമാന്യനായ പ്രതിപക്ഷ നേതാവും ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പക്ഷെ നമ്മുടെ നാട്ടിലെ എല്ലാവരും ഈ പ്രശ്നത്തിൽ അഭിപ്രായം പ്രകടിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. എല്ലാവരും എന്നു പറയുമ്പോൾ ഉന്നത സ്ഥാനത്ത് ഇരിക്കുന്നവർ മാത്രമല്ല, കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും ബഹുജനങ്ങളുമായി ബന്ധപ്പെടുന്ന എല്ലാവരും ഇത് അവസാനിക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ, മാധ്യമപ്രവർത്തകർക്ക് കോടതിക്കകത്തുപോയി റിപ്പോർട്ട് ചെയ്യാൻ

കഴിയാത്തൊരു സാഹചര്യം തുടരുന്നുവെന്നത് അത്യന്തം ഖേദകരമായ ഒരു കാര്യമാണ്. ഇവിടെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഏതാനും അഭിഭാഷകരാണ് ഈ തരത്തിൽ കാര്യങ്ങൾ നീക്കുന്നത്. പ്രതിപക്ഷ നേതാവ് ഒരു കാര്യം പറഞ്ഞു, നേരത്തെ തന്നെ കർക്കശമായ നടപടി എടുക്കേണ്ടതായിരുന്നുവെന്ന്. ഹൈക്കോടതിയിലാണെന്നുള്ളതാണ് അതിലുള്ള ഒരു പ്രശ്നം. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് ആവശ്യപ്പെട്ടാൽ മാത്രമെ ഹൈക്കോടതിക്കകത്ത് കടക്കാൻ പറ്റൂ. അല്ലാതെ നമ്മൾ കടന്നാൽ അതുണ്ടാക്കുന്ന പ്രശ്നങ്ങളുണ്ട്. അതാണ് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് തന്നെ ആ കാര്യത്തിൽ തീരുമാനമെടുക്കണമെന്ന നിലപാട് ആദ്യഘട്ടത്തിൽ സ്വീകരിക്കാൻ ഇടയായത്. അത് തീർത്തും ന്യായമായ കാര്യമാണ്. ചീഫ് ജസ്റ്റിസ് അതിൽ ഇടപെടുകതന്നെ ചെയ്തു. അതിന്റെ ഭാഗമായി നല്ല നിലയ്ക്ക് പ്രശ്നപരിഹാരത്തിനുള്ള സാധ്യത വന്നു. മുഖ്യമന്ത്രിയെന്ന നിലയ്ക്ക് ഇടപെട്ടതിന്റെ ഭാഗമായി അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിലുള്ള ഉഭയകക്ഷി കമ്മിറ്റി വന്നു. ഇതൊന്നും ഒരു കൂട്ടം ആളുകൾക്ക് ബാധകമല്ലെന്ന അവസ്ഥയാണ് വരുന്നത്. അങ്ങനെയൊരു സാഹചര്യം അംഗീകരിക്കാൻ കഴിയില്ല. അങ്ങനെയാണ് നീങ്ങുന്നതെങ്കിൽ കർക്കശമായ നടപടികൾ

സ്വീകരിക്കേണ്ടിവരുമെന്ന് അതുകൊണ്ടാണ് ആ സമ്മേളത്തിൽ പ്രസ്താവിക്കേണ്ടിവന്നത്. കാരണം, എവിടെയായാലും നിയമക്രമപാലനം നടക്കണ്ടേ; ആളുകൾക്ക് ജോലി ചെയ്യാനുള്ള അവകാശം സ്ഥാപിച്ചുകൊടുക്കണ്ടേ; അഭിഭാഷകർക്കും മാധ്യമപ്രവർത്തകർക്കും ജോലി ചെയ്യാനുള്ള അവകാശം. ഇതിൽ ഏതെങ്കിലും ഒരുകൂട്ടർ മാത്രം ജോലി ചെയ്താൽ മതിയോ; മാധ്യമപ്രവർത്തകരുടെ ജോലിയുടെ ഭാഗമായാണല്ലോ അവർ അങ്ങോട്ട് ചെല്ലുന്നത്. അത് അനുവദിക്കില്ലെന്ന നിലപാട് ഒരുകൂട്ടം ആളുകൾ സ്വീകരിച്ചാൽ അതെങ്ങനെയാണ് സമ്മതിച്ചുകൊടുക്കുക; അത് സമ്മതിച്ചുകൊടുക്കാൻ കഴിയില്ല എന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതുകൊണ്ട് നേരത്തെ പറഞ്ഞതുതന്നെയാണ് വീണ്ടും ആവർത്തിക്കാനുള്ളത്. ഇത് തുടരാനാണ് ഭാവമെങ്കിൽ കൂടുതൽ കർക്കശമായ നടപടികളിലേയ്ക്ക് നീങ്ങേണ്ടതായി വരും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പെൺകുട്ടികൾ ഉൾപ്പെടെയുള്ള മാധ്യമ പ്രവർത്തകർക്കെതിരെ കേസ് എടുത്തിരിക്കുകയാണ്. അവരാണോ പ്രശ്നമുണ്ടാക്കിയത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്.

ബഹുമാനപ്പെട്ട അംഗത്തിന് എന്തോ ധൃതി കൂടിയതുകൊണ്ടാണ്. 14.10.2016-ന് രാവിലെ 11 മണിയോടെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകർ പുറത്തു പോകണമെന്ന് ചില അഭിഭാഷകർ ആവശ്യപ്പെട്ടു. അതിനെ തുടർന്ന് അവിടെ ഉണ്ടായിരുന്ന മാധ്യമ പ്രവർത്തകരായ പ്രഭാത് നായർ, സി. പി. അജിത, ജസ്റ്റിന തോമസ്, രാമകൃഷ്ണൻ തുടങ്ങിയവരെ കോടതി മുറിയിൽനിന്നും അഭിഭാഷകരായ ആനയറ ഷാജി, രതിൻ, സുഭാഷ്, അരുൺ വി. നായർ, രാഹുൽ എന്നിവർ അസഭ്യം വിളിച്ച് നിർബന്ധിച്ച് പുറത്താക്കിയ സംഭവവുമായി ബന്ധപ്പെട്ട് 3 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ന്യൂ ഇൻഡ്യൻ എക്സ്പ്രസിലെ പ്രഭാത് നായരെ ഷർട്ടിൽ പിടിച്ച് തടഞ്ഞു നിർത്തി ബലം പ്രയോഗിച്ച് വലിച്ചിഴച്ച് കോടതി മുറിയിൽനിന്നും പുറത്താക്കി ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തെ സംബന്ധിച്ച് അദ്ദേഹം ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 1383/16 ആയി 5 അഭിഭാഷകർക്കും കണ്ടാലറിയാവുന്ന മറ്റ് 5 അഭിഭാഷകർക്കും എതിരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത 5 പ്രതികളും വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ സ്വമേധയാ ഹാജരായതനുസരിച്ച് അവരുടെ അറസ്റ്റ് രേഖപ്പെടുത്തി ജാമ്യത്തിൽ

വിട്ടയച്ചിട്ടുള്ളതാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട് സി. പി. അജിത - ഏഷ്യാനെറ്റ് ന്യൂസ് ചാനൽ, ജസ്റ്റീന തോമസ് - മനോരമ ന്യൂസ് എന്നിവർ ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ കണ്ടാലറിയാവുന്ന ഒരു സംഘം അഭിഭാഷകർക്കെതിരായി വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 1390/16, 1391/16 എന്നിങ്ങനെ മറ്റ് രണ്ട് കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 14.10.2016-ന് രാവിലെ 11.30-ന് കോടതി വളപ്പിൽവച്ച് മാധ്യമ പ്രവർത്തകരായ പ്രഭാത് നായർ, രാമകൃഷ്ണൻ, സി.പി. അജിത, ജസ്റ്റീന തോമസ് എന്നിവർ അഡ്വക്കേറ്റ് ആനയറ ഷാജിയെ അസഭ്യം പറഞ്ഞും ഭീഷണിപ്പെടുത്തിയും ദേഹോപദ്രവം ഏൽപ്പിച്ചതായി കാണിച്ച് 17.10.2016-ന് വഞ്ചിയൂർ എസ്.എച്ച്.ഒ.യ്ക്ക് നൽകിയ പരാതി പ്രകാരം മേൽപ്പറഞ്ഞ നാല് മാധ്യമ പ്രവർത്തകരേയും പ്രതികളാക്കി വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 294, 323, 506, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1401/16 ആയി മറ്റൊരുകേസും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നുണ്ട്. വനിതാ മാധ്യമ പ്രവർത്തകർ തങ്ങളെ മോശമായി ചിത്രീകരിച്ച് പോസ്റ്റർ പതിച്ചിട്ടുണ്ട് എന്ന കാര്യം ഉൾപ്പെടെ രേഖപ്പെടുത്തിക്കൊണ്ട് ഒരു പരാതി എനിക്ക് 21.10.2016-ന് ലഭിച്ചത് ഡി.ജി.പി.ക്ക് അന്വേഷിക്കുന്നതിനായി കൈമാറിയിട്ടുണ്ട്. ലഭിച്ച പരാതികളുടെ

അടിസ്ഥാനത്തിൽ നിയമാനുസൃതമുള്ള അന്വേഷണം നടന്നുവരികയാണ്. കേസിന്റെ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ചത് അടക്കമുള്ള പ്രശ്നങ്ങൾ ഉൾപ്പെടുത്തി യുക്തമായ തീരുമാനം എടുക്കുന്നതാണ്.

## കനോലി കനാൽ

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് നഗര ഹൃദയത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ 1848-ലാണ് സ്ഥാപിച്ചത്. കല്ലായിപ്പുഴയേയും കോരപ്പുഴയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കനാലിന് ഏതാണ്ട് 11.50 കിലോമീറ്റർ നീളമുണ്ട്. ദേശീയ ജലപാതയുടെ കൂടി ഭാഗമായിട്ടാണ് ഇതിനെ കരുതുന്നത്. പണ്ടു കാലത്ത് ചരക്കു ഗതാഗതത്തിനുവേണ്ടി ആശ്രയിച്ചിരുന്ന കനാൽ ആണിത്. കോഴിക്കോട് നഗരത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് വെള്ളപ്പൊക്കമില്ലാതെ നഗരത്തെ നിലനിർത്തുന്നതിൽ ഈ കനാൽ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഇപ്പോൾ ആ കനാലിന്റെ അവസ്ഥ, കല്ലായിപ്പുഴയിലെ അഴിമുഖത്തൊക്കെ ചെളി നിറഞ്ഞും അവിടത്തെ കയ്യേറ്റം കാരണവും ഒഴുക്ക് നിലച്ച് ഒരു മലിന ജലാശയമായി മാറിയിരിക്കുകയാണ്. ഇത് നഗര ജീവിതത്തിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഒഴുക്ക് നിലച്ചതു കാരണം, മഴ പെയ്താൽ ഇപ്പോൾ നഗരത്തിന്റെ പല

ഭാഗത്തും വെള്ളപ്പൊക്കമുണ്ടാക്കുന്നതിന് കാരണമാകുന്നുണ്ട്. ഈ കനാലിലേയ്ക്ക് വരുന്ന 74-ഓളം ഡ്രെയിനേജുകളിൽ പലതിലും മലിന ജലമാണ്. ഇതിന്റെ ഇരു കരകളിലുമുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് മലിന ജലം ഇതിലേയ്ക്ക് ഒഴുക്കി വിടുന്ന സാഹചര്യവും ഉണ്ട്. കനോലി കനാലിന്റെ നവീകരണം എന്ന പേരിൽ ഇക്കഴിഞ്ഞ വർഷം ഉൾപ്പെടെ ഓരോ വർഷവും കോടിക്കണക്കിന് രൂപ ഒരു ആസൂത്രണവുമില്ലാതെ ചെലവാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യവുമുണ്ട്. അതുകൊണ്ട് ഈ കനാലിന്റെ കാര്യത്തിൽ സമഗ്രമായിട്ടുള്ള ഒരു നവീകരണ പദ്ധതി ഉണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിനുള്ള ഒരു നിർദ്ദേശം എന്താണെന്നു വച്ചാൽ, അത്യാവശ്യം ഉള്ളിടത്തുമാത്രം വീതി കൂട്ടിക്കൊണ്ട് ഈ പുഴയുടെ അഴിമുഖം ഡ്രഡ്ജ് ചെയ്ത് കനാലിന്റെ ഒഴുക്ക് സുഗമമാക്കണം. ഇതിന്റെ ഇരു കരകളിലുമുള്ള സ്ഥാപനങ്ങളിൽനിന്നും ഡ്രെയിനേജുകളിൽനിന്നും വരുന്ന മലിനജലം ട്രീറ്റ് ചെയ്തതിനുശേഷം മാത്രമേ കനാലിലേയ്ക്ക് ഒഴുക്കൂ എന്നുള്ളത് ഉറപ്പാക്കണം. മറ്റൊന്ന് മാലിന്യം നിക്ഷേപിക്കാൻ ആർക്കും തോന്നാത്തവിധം മികച്ച വാസ്തു ശിൽപ്പികളുടെ സഹായത്തോടെ സൗന്ദര്യവൽക്കരിച്ച് നഗര ജീവിതത്തിന് ഒരു അഴകായും അനുഭൂതിയായും ഈ കനാലിനെ മാറ്റാനായുള്ള സമഗ്ര പദ്ധതിക്ക് സർക്കാർ മുൻകൈ എടുത്ത് ആവിഷ്കരിച്ച് നടപ്പാക്കണം

എന്നകാര്യമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, കോഴിക്കോട് നഗരത്തിൽ കോരപ്പുഴയേയും കല്ലായിപ്പുഴയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കനോലി കനാലിന് 11.20 കിലോമീറ്റർ നീളവും കനാലിന്റെ ചിലയിടങ്ങളിൽ സംരക്ഷണ ഭിത്തി ഉണ്ടെങ്കിലും മിക്കതും തകർന്ന നിലയിലുമാണ്. മഴക്കാലങ്ങളിൽ കോഴിക്കോട് നഗരത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഒഴുകിയെത്തുന്ന മഴവെള്ളം കനാലിലാണ് ചേരുന്നത്. എന്നാൽ സിറ്റിയുടെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന കനാലിന്റെ ഇരു വശങ്ങളും ജനസാന്ദ്രത ഏറിയ വാസപ്രദേശമായതിനാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് പതിവായിരിക്കുകയാണ്. ഇക്കാരണങ്ങളാൽ മഴക്കാലങ്ങളിൽ കോഴിക്കോട് നഗരത്തിൽ വെള്ളക്കെട്ട് ഉണ്ടാകുന്നതും പതിവാണ്. കനാലിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്ത് ഒഴുക്ക് വർദ്ധിപ്പിച്ച് ജലഗതാഗതത്തിന് സാധ്യമാക്കുന്ന തരത്തിൽ സൗന്ദര്യവൽക്കരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി വലിയൊരു പദ്ധതിക്ക് രൂപം നൽകിയതായിട്ടാണ് വ്യക്തമാക്കാനുള്ളത്. 1,100 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ ഈ വഴി, വിവിധ തുറമുഖങ്ങളുമായും വിനോദ സഞ്ചാര കേന്ദ്രങ്ങളുമായും ബന്ധിപ്പിക്കാൻ

കഴിയും. കോഴിക്കോടിന്റെ ടൂറിസം വികസനത്തിന് ഈ പ്രോജക്ടിന് നല്ലൊരു പങ്ക് വഹിക്കാൻ സാധിക്കും. ഈ കനാൽ, അതിന്റെ പ്രോജക്ട് ഉദ്ദേശിക്കുന്ന തരത്തിൽ പൂർത്തിയാക്കുന്ന നില വന്നാൽ ഏറ്റവും ആകർഷകമായ ഒരു കനാലായി മാറ്റാൻ സാധിക്കും. അത് കോഴിക്കോടിന്റെ തന്നെ ബാഹ്യസൗന്ദര്യം വർദ്ധിപ്പിക്കുന്ന ഒന്നായിരിക്കും. വല്ലാർപ്പാടം കണ്ടെയ്നർ വഴിയുള്ള ചരക്കു ഗതാഗതവും ഈ കനാൽ വഴി നടപ്പിലാക്കാൻ സാധ്യമാകും. കനാലിന് കുറുകേ നടപ്പാലങ്ങളും റോഡു പാതകളുമുണ്ട്. അതിനാൽ നഗര ഭാഗത്ത് സിംഗിൾ ലൈൻ ട്രാഫിക് ആയി കനാലിനെ പുനരുദ്ധരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

## പോലീസ് സ്റ്റേഷനിലെ അക്രമം

ശ്രീ. അടൂർ പ്രകാശ്: സർ, വധശ്രമക്കേസിൽ വാറണ്ട് പ്രതിയായ പ്രമാടം സ്വദേശി അനീഷ് കുമാറിനെ പോലീസ് 16.10.2016-ന് രാത്രിയിൽ 10 മണിയ്ക്ക് അറസ്റ്റ് ചെയ്യുകയുണ്ടായി. കാത്തലിക്കേറ്റ് കോളേജ് വിദ്യാർത്ഥി സംഘട്ടനത്തിൽ പരിക്കേറ്റ് ജനറൽ ആശുപത്രിയിൽ കഴിഞ്ഞിരുന്ന കുട്ടികളെ ഇരുമ്പ് വടികൊണ്ട് തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച കേസിൽ രണ്ടാം പ്രതിയാണ് ഈ അനീഷ് കുമാർ, ഇദ്ദേഹത്തെ അറസ്റ്റ് ചെയ്ത് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി അന്നുതന്നെ 10.30 മണിയ്ക്ക് അവിടത്തെ പത്തനംതിട്ട നഗരസഭയുടെ കൗൺസിലറും

ഡി.വൈ.എഫ്.ഐ. ബ്ലോക്ക് കമ്മിറ്റി അംഗവുമായ വി.ആർ. ജോൺസൺ, എസ്.എഫ്.ഐ.യുടെ സംസ്ഥാന കമ്മിറ്റി അംഗം അൻസിൽ അഹമ്മദ്, കണ്ടാലറിയാവുന്ന മറ്റ് രണ്ട് പേർ, പ്രതികളായ ഇവർ പോലീസ് സ്റ്റേഷനിൽ കടന്നു കയറുകയുണ്ടായി. ഈ കേസിൽ പ്രതികളായവർ പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ കടന്നുകയറി പ്രതികളെ മോചിപ്പിക്കാൻ വേണ്ടിയുള്ള ശ്രമമാണ് നടത്തിയത്. ഈ സമയം എസ്.ഐ.യും ഒരു വനിതാ പോലീസ് ഓഫീസറും നാല് പോലീസുകാരുമാണ് അവിടെ ഉണ്ടായിരുന്നത്. ആക്രോശിച്ചുകൊണ്ട് എത്തിയ ജോൺസൺ കയ്യിൽ കരുതിയിരുന്ന മുളവടി ഉപയോഗിച്ച് സ്റ്റേഷന്റെ ഭിത്തിയിൽ തറച്ചിരുന്ന കണ്ണാടി അടിച്ചു തകർത്തു. മുറിയിൽനിന്നും പുറത്തുവന്ന എസ്.ഐ.യ്ക്കുനേരെ അക്രമം ആരംഭിച്ചു. ജോൺസന്റെ കൈവശമുണ്ടായിരുന്ന മുളവടി എസ്.ഐ. പിടിച്ചുവാങ്ങി. പോലീസ് സ്റ്റേഷനിൽ ഉണ്ടായിരുന്ന ക്യാമറയിൽ അവിടെയുണ്ടായ സംഭവം പകർത്തുവാൻ എസ്.ഐ. നിർദ്ദേശം കൊടുത്തു. പോലീസുകാരന്റെ കൈവശമുണ്ടായിരുന്ന ക്യാമറ ജോൺസൺ പിടിച്ചുവാങ്ങി എറിഞ്ഞ് ഉടയ്ക്കുകയുണ്ടായി. തുടർന്ന് എസ്.ഐ. തന്റെ മൊബൈൽ ഫോൺ വനിതാ പൊലീസിന്റെ കയ്യിൽ കൊടുത്ത് ചിത്രീകരിക്കുവാൻ ആവശ്യപ്പെട്ടു. ഈ സമയം അവിടെ ഉണ്ടായിരുന്ന കസേരയെടുത്ത് വനിതാ പോലീസിന്റെ

കയ്യിലുണ്ടായിരുന്ന മൊബൈൽ അടിച്ചു തകർത്തു. ഈ സമയം പ്രതിയായ അനീഷ് കുമാറിനെ ബലമായി പിടിച്ച് പുറത്തേയ്ക്ക് കൊണ്ടുപോയി. പത്തനംതിട്ട പോലീസ് സ്റ്റേഷനിൽനിന്നും വയർലെസ് മെസേജിലൂടെ അറിയിപ്പ് കൊടുത്തത് അനുസരിച്ച് എ.ആർ. ക്യാമ്പിൽനിന്നും കൂടുതൽ പോലീസുകാർ അവിടെ എത്തുകയുണ്ടായി. അനീഷിനെ വിട്ടതിനുശേഷം ഇവർ ഓടി രക്ഷപ്പെട്ടു. ഈ അക്രമത്തിൽ ഹാന്റ് ക്യാമറയും എസ്.ഐ.യുടെ മൊബൈൽ ഫോണും രണ്ട് കസേരകളും സ്റ്റൂളുകളുമെല്ലാം അടിച്ചു തകർത്തു. കൈയ്ക്ക് പരിക്കേറ്റ എസ്.ഐ. പുഷ്പകുമാറും സി.പി.ഒ. സുരേഷും വനിതാ പോലീസ് സി.പി.ഒ. ആനി തോമസ് എന്നിവരും ചികിത്സ തേടിയിരിക്കുകയാണ്. ഇങ്ങനെ പോലീസ് സ്റ്റേഷൻ കടന്നുകയറി അക്രമം നടത്തുന്നത് ശരിയാണോ എന്ന് അങ്ങ് ആലോചിക്കണം. അങ്ങയുടെ പാർട്ടിയുടെ പ്രവർത്തകരാണ് ഇതിന് നേതൃത്വം കൊടുത്തത്. ഇത് ഇന്ന് ഏറ്റവും വലിയ വാർത്തയായി വന്നിരിക്കുകയാണ്. ഞാൻ ഈ സംഭവമുണ്ടായ അടുത്ത ദിവസംതന്നെ ഇവിടെ സബ്മിഷന് കൊടുത്തിരുന്നു, എങ്കിലും അങ്ങ് സഭയിൽ ഇല്ലായിരുന്നു എന്നതുകൊണ്ടാണ് ഇന്നത്തേയ്ക്ക് മറുപടി പറയുവാനുള്ള അവസരം ഉണ്ടായിട്ടുള്ളത്. ഇത്തരം അക്രമങ്ങളെ ഒരു കാരണവശാലും അനുവദിക്കാൻ പാടില്ല. ഈ പ്രതികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് അവരെ അറസ്റ്റ് ചെയ്യാനുള്ള

നടപടികൾ ഉണ്ടാകണം എന്നുള്ളതാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പത്തനംതിട്ട പോലീസ് സ്റ്റേഷൻ ക്രൈം 207/16-ാം നമ്പർ കേസ്സിലെ പ്രതിയായ പ്രമാടൻ നിവാസി അനീഷിനെ ബഹുമാനപ്പെട്ട പത്തനംതിട്ട കോടതി വാറന്റ് പ്രകാരം എസ്. ഐ.യും പാർട്ടിയും രാത്രി പ്രതിയുടെ വീട്ടിൽ നിന്ന് അറസ്റ്റു ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവന്നു. രാത്രി 10.40 ഓടെ സ്റ്റേഷനിൽ എത്തിയ ചിലർ അനീഷിനെ വിട്ടുകിട്ടണമെന്ന് ആവശ്യപ്പെടുകയും ഇതിന്റെ പേരിൽ വാക്കേറ്റവും ബഹളവും മറ്റും ഉണ്ടാക്കുകയും ചെയ്തു. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അനീഷിനെ കുട്ടിപോകാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അവിടെ ചില പ്രശ്നങ്ങളുണ്ടായി എന്നത് ശരിയായിരിക്കാം. അനീഷിനെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ട്. സ്റ്റേഷനിൽ നടന്ന സംഭവത്തിന്റെ പേരിൽ ക്രൈം 3639/16 ആയി പോലീസ് പ്രത്യേക കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. അതിലുള്ള ഒന്നും രണ്ടും പ്രതികൾ പത്തനംതിട്ട സി.ജെ.എം. കോടതിയിൽ സറണ്ടർ ചെയ്തതനുസരിച്ച്, അവരെയും റിമാന്റ് ചെയ്തിട്ടുണ്ട്. മറ്റുപ്രതികളെപ്പറ്റി

പോലീസ് അന്വേഷിച്ചുവരികയാണ്. അങ്ങ് ചൂണ്ടിക്കാണിച്ച രീതിയിൽ ഒരാളെ അറസ്റ്റ് ചെയ്താൽ പോലീസ് സ്റ്റേഷനിൽ രാത്രി ചെന്ന് അയാളെ വിടുന്നതിന് വേണ്ടി ബലം പ്രയോഗിക്കുന്ന രീതി ഏത് കൂട്ടരായാലും അംഗീകരിക്കാൻ കഴിയുകയില്ല. അത്തരത്തിലുള്ള ശ്രമങ്ങളുണ്ടായാൽ കർക്കശമായ നടപടകൾ പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

## പട്ടയം ലഭ്യമാക്കൽ

ശ്രീ. ഹൈബി ഈഡൻ: സർ, കേരളത്തിലെമ്പാടും പതിനായിരക്കണക്കിന് ആളുകളാണ് പുഴ, തോട്, കായൽ പുറംമ്പോക്കുകളിൽ അധിവസിക്കുന്നത്. 40-50 വർഷമായി അധിവസിക്കുന്ന ഇവർക്ക് ഇന്നും പട്ടയം ലഭ്യമായിട്ടില്ല. ഈ ജലാശയങ്ങളെല്ലാം തദ്ദേശീയ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ് നിലവിലുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ എന്റെ നിയോജകമണ്ഡലത്തിലെ തേവര മെയ്ദിന നഗർ കോളനിയിലെ 60 പേർക്ക് പട്ടയം കൊടുക്കുകയുണ്ടായി, അതുപോലെ ചിലവന്നൂർ പുഴയുടെ തീരത്ത് അധിവസിക്കുന്ന 48 പേർക്കും പട്ടയം കൊടുക്കുന്ന സാഹചര്യമുണ്ടായി. ഇത്

1-10-2015-ൽ ഗവൺമെന്റ് ഇറക്കിയ ഒരു പ്രത്യേക ഓർഡറിന്റെ അടിസ്ഥാനത്തിലാണ്. ഇവിടെ സുപ്രീംകോടതിയുടെ ഒരു ഓർഡർ നിലനിൽക്കുന്നുണ്ട്. സുപ്രീംകോടതിയുടെ ജസ്പാൽ സിംഗ് Vs സ്റ്റേറ്റ് ഓഫ് പഞ്ചാബ് എന്നു പറയുന്ന വിധിയുടെ അടിസ്ഥാനത്തിൽ പലപ്പോഴും ഇത് തടഞ്ഞുവയ്ക്കുന്ന സ്ഥിതിവിശേഷമുണ്ട്. എന്നാൽ എ.ജി. കൊടുത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ പ്രത്യേക അധികാരമുപയോഗിച്ച് ഇത് മറികടന്ന് ഇവർക്ക് പട്ടയം കൊടുക്കാനുള്ള സാഹചര്യം നിലവിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ആയിരക്കണക്കിന് ആളുകൾ വടുതല, ഷൺമുഖപുരം, ചേരാനല്ലൂർ, കോന്തുരുത്തി, എ.കെ.ജി റോഡ്, സൂര്യനഗർ, മാനവ നഗർ, അലക്സ് റോഡ്, ചൈതന്യപുരം, കസീബാ തിയേറ്ററിനു സമീപം അങ്ങനെ ഒരുപാട് സ്ഥലങ്ങളിൽ ധാരാളം പേർ പുഴ, കായൽ, തോട് പുറംമ്പോക്കുകളിൽ താമസിക്കുന്നവരായിട്ടുണ്ട്. തദ്ദേശീയ സ്ഥാപനങ്ങളായ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവയുടെ എൻ.ഒ.സി. വച്ചുകൊണ്ട് എൽ.എസ്.ജി. ഡിപ്പാർട്ടുമെന്റിന് ഇത് റവന്യൂവിലേക്ക് ഡീവെസ്റ്റ്

ചെയ്തതിനുശേഷം, ഗവൺമെന്റിന് പട്ടയം കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ട്. ഭൂരഹിതരില്ലാത്ത കേരളം എന്നു പറഞ്ഞതിന്റെ പേരിലാണ് കഴിഞ്ഞ ഗവൺമെന്റ് ഇത് നൽകിയത്. ഇവരെല്ലാം പരമ്പരാഗതമായി മൽസ്യതൊഴിലാളികളായിട്ടുള്ള, മൽസ്യബന്ധനം നടത്തുന്ന സാധാരണക്കാരായിട്ടുള്ള ആളുകളാണ്. അതുകൊണ്ട് ഇവർക്ക് പട്ടയം കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. അതുപോലെതന്നെ ഇവർ താമസിക്കുന്ന സ്ഥലങ്ങളിൽ സ്വന്തമായി ഭൂമിയോ, മറ്റ് സ്വത്തുക്കളോ ഇല്ലാത്ത ആളുകളാണ്, അതുകൊണ്ട് ഇത് പരിഗണിച്ചുകൊണ്ട് പട്ടയം നൽകാൻ വേണ്ടിയുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, നിലവിലുള്ള ഭൂമി പതിവ് നിയമങ്ങളും ചട്ടങ്ങളും പ്രകാരം, പുഴ പുറമ്പോക്ക് ഭൂമി പതിച്ചു നൽകാൻ ചില തടസ്സങ്ങൾ ഉണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 218/1 വകുപ്പ് പ്രകാരം പുഴ പുറമ്പോക്ക് ബന്ധപ്പെട്ട പഞ്ചായത്തിൽ നിഷിപ്തമാണ്. പഞ്ചായത്തിൽ നിഷിപ്തമായ തോട്, കുളം, പുഴ പുറംമ്പോക്കുകളുടെ ഭരണം പഞ്ചായത്ത് രാജ് ആക്റ്റ് 218/3 വകുപ്പ് പ്രകാരം സർക്കാരിന്

ഏറ്റെടുക്കാനുള്ള വ്യവസ്ഥയുണ്ട്. പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിന് പഞ്ചായത്തിന്റെ അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുവാദം ആവശ്യമാണ്. കായൽ, തോട്, കുളം എന്നിവയിൽപ്പെട്ട പുറംമ്പോക്ക് പതിച്ചുനൽകുന്നതിന് ചില കോടതിവിധികളും പ്രതിബന്ധമായി നിൽക്കുന്നുണ്ട്. അതോടൊപ്പം ബഹുമാന്യനായ മെമ്പർ ശ്രീ. ഹൈബി ഈഡൻ ഒരു കത്ത് കഴിഞ്ഞ ദിവസം നൽകുകയുണ്ടായി, അതിന്റെ അടിസ്ഥാനത്തിൽ എറണാകുളം കോന്തുർ തുരുത്തിൽ മാനവനഗറിൽ പുഴ പുറംമ്പോക്കിൽ ഉൾപ്പെടെ താമസിച്ച് വരുന്നവരുടെ പട്ടയപ്രശ്നവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗത്തിന്റെ മേൽക്കുറിപ്പോടെ ലഭിച്ച അപേക്ഷ പരിഗണിക്കുന്നതിനും, ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതിനുമായി ബഹുമാനപ്പെട്ട അംഗത്തിനേയും തദ്ദേശസ്വയംഭരണ സെക്രട്ടറിയേയും, റവന്യൂ സെക്രട്ടറിയേയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മീറ്റിംഗ് 3-11-2016-ന് കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന വിവരവും ഇതിന്റെ ഭാഗമായി അറിയിക്കുകയാണ്.

## സ്വർണ്ണവ്യാപാര മേഖലയിലെ പ്രതിസന്ധി

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കേരളത്തിലെ സ്വർണ്ണവ്യാപാര മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി സഭയുടെയും സർക്കാരിന്റേയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് റൂൾ 304 പ്രകാരം ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. മലയാളിക്ക് സ്വർണ്ണം വെറുമൊരു നിക്ഷേപമോ, ആർഭാടമോ അല്ല. തലമുറകൾ കൈമാറുന്ന സമ്പത്താണ്. വിവാഹം ഉൾപ്പെടെയുള്ള ആഘോഷങ്ങളിലെ അനിവാര്യതയായി സ്വർണ്ണമിന്ന് മാറിക്കഴിഞ്ഞിരിക്കുകയാണ്. അത്യാവശ്യം വന്നാൽ ഒരു കുടുംബത്തിന് പണയപ്പെടുത്തി പണം കണ്ടെത്താനുള്ള കരുതലുമാണ് സ്വർണ്ണാഭരണം. സ്വർണ്ണത്തോടുള്ള പ്രതിപത്തി ധനികരെന്നോ, ഇടത്തരക്കാരെന്നോ വേർതിരിവില്ലാതെയാണ്. അതുകൊണ്ടുതന്നെ സ്വർണ്ണവ്യാപാര മേഖലയിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും മലയാളികളെ പൊതുവായി ബാധിക്കുന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ സ്വർണ്ണവ്യാപാര മേഖലയുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് കുടുംബങ്ങൾ ഉപജീവനം കഴിക്കുന്നുണ്ട്. ഒരു സ്വയം തൊഴിൽ സംരഭം എന്ന നിലയിൽ ബാങ്കുകളിൽ നിന്ന് വലിയ പലിശ കൊടുത്ത് വായ്പയെടുത്ത് സ്വർണ്ണാഭരണ വ്യാപാര രംഗത്തേക്ക് കടന്നുവന്ന

സാധാരണക്കാരായിട്ടുള്ള ചെറുകിട വ്യാപാരികളടക്കം, പിടിച്ചു നിൽക്കാൻ പറ്റാത്ത സ്ഥിതിയിലേക്ക് നീങ്ങുകയാണ്. സ്വർണ്ണവ്യാപാര രംഗത്തു നിന്നുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1994-ൽ ആരംഭിച്ച കോമ്പൗണ്ടിംങ്ങ് സമ്പ്രദായത്തിൽ നികുതി അടച്ചുവരുന്ന വ്യാപാരികൾ പഴയ സ്വർണ്ണാഭരണങ്ങൾക്ക് 2013-14 വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ 5 ശതമാനം പർച്ചേസ് ടാക്സ് അടയ്ക്കണമെന്ന് പറഞ്ഞ് ധനകാര്യവകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകിക്കൊണ്ടിരിക്കുകയാണ്. 2014-ലെ ധനകാര്യ നിയമപ്രകാരം, വാറ്റ് നിയമത്തിലെ വകുപ്പ് 8 (എഫ്) (1)- ൽ കോമ്പൗണ്ടിംഗ് നികുതിയിൽ ഭേദഗതി വരുത്തിയപ്പോൾ ഒരു പദപ്രയോഗത്തിൽ വന്ന പിശകിനെത്തുടർന്നാണ് പഴയ സ്വർണ്ണാഭരണങ്ങൾക്ക് ഇതുവരേയും ഇല്ലാത്ത പർച്ചേസ് ടാക്സ് ചുമത്തിയിരിക്കുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്. 2013-14 മുതൽ ഇതുവരെ അടച്ച നികുതിയുടെ ഏകദേശം 5 ഇരട്ടിയോളം വരുന്ന തുകയാണ് ഇങ്ങനെ പർച്ചേസ് ടാക്സായി അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. സ്വർണ്ണ വ്യാപാര രംഗത്തെ വലയ്ക്കുന്ന നികുതി കുരുക്ക് എന്നുള്ള വാർത്ത പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്.

ഇവിടെ ഇത്ര ഭീമമായ സംഖ്യ മുൻകാല പ്രാബല്യത്തോടെ അടവാക്കി സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയാതെ ഇടത്തരം വ്യാപാരികൾ കടകൾ പൂട്ടി ഈ രംഗത്തു നിന്ന് പിൻമാറിക്കൊണ്ടിരിക്കുകയാണ്. കുറച്ചുകൂടി സൗകര്യമുള്ളവർ നമ്മുടെ സംസ്ഥാനത്തുനിന്നും വിദേശരാജ്യങ്ങളിൽ പോയി ഷോറൂമുകൾ തുറക്കുകയാണ്. ഇതുവഴി നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനത്തിൽ വലിയ ഇടിവ് സംഭവിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം സ്വർണ്ണാഭരണ നിർമ്മാണത്തിനടക്കം പരിശീലനം ലഭിച്ചിട്ടുള്ള ധാരാളം യുവാക്കൾ നമ്മുടെ നാട്ടിലുണ്ട്, അത്തരം യുവാക്കളുടെ തൊഴിലവസരങ്ങൾ കൂടി ഇവിടെ നഷ്ടപ്പെടുകയാണ്. ഈ ഒരു സാഹചര്യത്തിൽ ഇടത്തരക്കാരും സാധാരണക്കാരുമായ സ്വർണ്ണവ്യാപാരികളെ കേരളത്തിൽ തന്നെ പിടിച്ചു നിർത്തുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും സഹായകരമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സാങ്കേതിക പിഴവിന്റെ പേരിൽ സ്വർണ്ണ വ്യാപാരികളിൽ നിന്ന് ഈടാക്കുന്ന വാങ്ങൽ നികുതി മുൻകാല പ്രാബല്യത്തോടെ പിരിച്ചെടുക്കാനുള്ള വാണിജ്യനികുതി

വകുപ്പിന്റെ നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. തികച്ചും അന്യായമായ ഈ നികുതി നിയമവിരുദ്ധമാണ് എന്നുകൂടി ഹൈക്കോടതി അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സ്വർണ്ണ വ്യാപാര മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന്, നിയമഭേദഗതിയിൽ വന്ന പിശക് തിരുത്താൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ.ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 2014-ലെ ഫിനാൻസ് ആക്ടിൽ വരുത്തിയ ഭേദഗതികളുടെ ഫലമായിട്ടാണ് ഈ പ്രശ്നം ഉണ്ടായിട്ടുള്ളത്. അന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ വ്യാപാരികളുടെ ആവശ്യം കണക്കിലെടുത്തുകൊണ്ട്, സബ്ജക്ട് കമ്മിറ്റി ഇത് വളരെ വിശദമായി ചർച്ചചെയ്താണ് ചില ഇളവുകൾ അനുവദിച്ചത്. പക്ഷേ അനുവദിക്കുന്നവേളയിൽ ഇദ്ദേഹം പറഞ്ഞതുപോലെ 8 (എഫ്) ലെ ചില ക്ലോസ്സുകളെടുക്കുമ്പോൾ കോമ്പൗണ്ടിംഗ് വിൽപ്പനയുടെ മേൽ മാത്രമായി ചുരുങ്ങും, പർച്ചേസ് സമയത്തെ നികുതി ഇതിൽപെടില്ല അത് കൊടുക്കണമെന്നുള്ള വ്യാഖ്യാനമാണ് എ.ജി. എടുത്തത്.

അങ്ങനെ എ.ജി. എടുത്ത നിലപാടിനുശേഷം ചില സർക്കുലർ വഴി അത് സ്റ്റേ ചെയ്ത് വച്ചിരിക്കുകയായിരുന്നു. എന്നാൽ എ.ജി. കർശനമായിട്ട് എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല എന്നു ചോദിച്ചിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിലാണ് നോട്ടീസുകൾ പോയിട്ടുള്ളത്. പ്രതിപക്ഷം അടക്കമുള്ളവർ നിയമസഭയിൽ ഒരു നിലപാട് സ്വീകരിക്കുകയാണെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാൻ സാധിക്കും, ഫിനാൻസ് ആക്ടിന്റെ ചർച്ചാവേളയിൽ അത്തരത്തിലുള്ള സമീപനം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

## അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. ബി. സത്യൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട രണ്ട് ഗ്രാമപഞ്ചയത്തുകളിൽ മൂന്ന് ഭാഗവും വെള്ളത്താലും കായലാലും ചുറ്റപ്പെട്ടു കിടക്കുന്ന വളരെ പ്രകൃതി രമണീയമായ ഒരു പ്രദേശമാണ് വക്കം ചെറുന്നിയൂർ ഭാഗം. വർക്കല ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്കും വർക്കല ശിവഗിരിയിലേയ്ക്കും പോകുന്ന പ്രധാന റോഡുകൾ ഇതുവഴിയാണ് കടന്നുപോകുന്നത്. വക്കവും ചെറുന്നിയൂരും തമ്മിൽ ബന്ധിപ്പിക്കുന്ന പണയിൽക്കടവ് പാലം 2005-ൽ

പൂർത്തീകരിച്ചു. അതിനോട് ചേർന്ന് ഏകദേശം ഒരു കിലോമീറ്റർ വരുന്ന റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാത്തതുകാരണം പാലത്തിന്റെ ഉപയോഗവും ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഏറ്റവുമധികം വിനോദസഞ്ചാരികൾ പോകുന്നതും അതുപോലെ ഏറ്റവും പ്രധാനപ്പെട്ട റോഡുമായ ചെറുന്നിയൂർ റോഡ് പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നു. 2005-മുതൽ ഈ പാലത്തിനോടുചേർന്നുള്ള റോഡ് നിർമ്മാണം പൂർത്തിയാക്കണമെന്നത് നാട്ടുകാരുടെ വലിയൊരു ആഗ്രഹമാണ്. ഇതിനായി നാട്ടുകാരുടെ നിരവധി പ്രക്ഷോഭ സമരങ്ങളും ആ ഭാഗത്ത് ഉയർന്ന് വന്നിട്ടുള്ളതാണ്. അതനുസരിച്ച് കഴിഞ്ഞ നാല് വർഷക്കാലമായി ഞാൻ തുടർച്ചയായി നടത്തിയ ശ്രമത്തിന്റെ ഭാഗമായി പി.ഡബ്ല്യൂ.ഡി., റവന്യൂ അതുപോലെ തന്നെ മറ്റ് ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് നാല് പേർക്ക് ഇതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച തർക്കവും അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്ന പ്രശ്നവും ഉണ്ടായിരുന്നു. നാലര വർഷം ഇതിനായി നിരന്തരമായി ശ്രമം നടത്തുകയും ഇപ്പോൾ ആ നാല് ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനമാവുകയും അതുപ്രകാരം അവരുടെ ഭൂമി റോഡ് നിർമ്മാണത്തിനായി വിട്ടുതരാൻ സമ്മതിക്കുകയും

ചെയ്തിട്ടുണ്ട്. ഈ ഒരു സാഹചര്യത്തിൽ അതിവേഗത്തിൽ ഈ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് നിർമ്മാണം നടത്തുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പണയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണികൾക്കായി സ്ഥലം ഏറ്റെടുക്കാൻ സർക്കാർ ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി 29.01.2016-ൽ നൽകുകയുണ്ടായി. നാല് പേരുടെ കൈവശമുണ്ടായിരുന്ന ഭൂമിയാണ് ഏറ്റെടുത്ത് കൈമാറേണ്ടത്. ഈ നാല് പേരും അവരുടെ പ്രമാണങ്ങൾ കൈമാറിയിട്ടുണ്ട്. ഓരോരുത്തരിൽ നിന്നും എത്രമാത്രം ഭൂമി ഏറ്റെടുക്കണമെന്ന് അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി ഈ ആഴ്ച തന്നെ ആരംഭിക്കുന്നതാണ്. അത് കഴിഞ്ഞാൽ ഉടമസ്ഥർക്ക് തുക കൈമാറി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ഉണ്ടാകും. പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ബൈപ്പാസ് നിർമ്മാണം</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, 1980-കളിൽ നാറ്റ്പാക് പഠനത്തിനൊടുവിൽ പാലക്കാടിന്റെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമായി നിർദ്ദേശിക്കപ്പെട്ട അഞ്ചാറ് ബൈപ്പാസുകൾ ഉണ്ട്. അതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒന്നുരണ്ടെണ്ണം പൂർത്തിയാക്കാനും ഒരെണ്ണം തുടങ്ങി വയ്ക്കാനും സാധിച്ചു. സ്ഥലം സറണ്ടർ ചെയ്യുന്ന കാര്യത്തിൽ എൻപതു മുതൽ തൊണ്ണൂറ് ശതമാനം വരെ ഫ്രീ സറണ്ടർ ലഭിക്കുന്നതാണ്. കേവലം അഞ്ചോ ആറോ ആളുകൾ മാത്രമാണ് സ്ഥലം വിട്ട് നൽകുന്നതിന് പണം ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോഗ്രാമിന്റെ ഭാഗമായി ഉൾപ്പെടുത്താൻ ശ്രമിച്ചിരുന്നു. തത്വത്തിൽ ഇത് എ.എസ്. ലഭിച്ച പട്ടികയിൽ ഉൾപ്പെട്ടതുമാണ്. അതിന്റെ തുടർ നടപടികളിൽ സഹായിക്കാൻ ഈ ഗവൺമെന്റിന് കഴിയുമോ? കിഫ്ബിയുടെ പ്രോജക്ടുകളൊന്നും വരാത്ത നിയോജകമണ്ഡലമെന്ന നിലയ്ക്ക് ഗവൺമെന്റിന്റെ സ്ഥലം സൗജന്യമായി ലഭ്യമാകാനുള്ള സാഹചര്യം കൂടി ഉപയോഗപ്പെടുന്ന തരത്തിൽ ഈ ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കാൻ ഗവൺമെന്റ്

സഹായിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2015-2016-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ജില്ലാതല പതാക നൗക പദ്ധതി പ്രഖ്യാപിച്ചതിൽ പാലക്കാട് ലിങ്ക് ബൈപ്പാസ് അടക്കം 21 പദ്ധതികൾ പ്രഖ്യാപിച്ചത്. 3771 കോടി രൂപയാണ് മതിപ്പായി അതിൽ പറഞ്ഞിരുന്നത്. ഇതിന്റെ ചെലവ് പെട്രോളിനും ഡീസലിനും ഒരു രൂപ ക്രമത്തിൽ അധിക വിൽപ്പന നികുതിയിൽ നിന്നും ഈടാക്കി അതിന് അൻപത് ശതമാനം വിഹിതം ഏകദേശം 200 കോടി രൂപയായി ഇതിന്റെ നിർമ്മാണത്തിനായി റോഡ് ഫണ്ട് ബോർഡിനെ ഏൽപ്പിക്കുമെന്നായിരുന്നു. എന്നാൽ ഒരു പൈസപോലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരള റോഡ് ഫണ്ട് ബോർഡിന് ലഭ്യമാക്കിയിട്ടില്ല. ഒരു പൈസപോലും വകയിരുത്താതെയാണ് 3771 കോടി രൂപയുടെ പദ്ധതി നിയമസഭയിൽ ധനകാര്യ മന്ത്രി പ്രഖ്യാപിച്ചതും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതും. പാലക്കാട് ലിങ്ക് ബൈപ്പാസ് റോഡിന്റെ വിശദമായ പദ്ധതി രൂപ രേഖ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കുകയുണ്ടായി. മൂന്ന് റോഡുകളാണ് പദ്ധതിയിൽ

ഉൾപ്പെടുത്തിയിരുന്നത്. കെ.എസ്.ആർ.ടി.സി. **റോഡ്,** കൽമണ്ഡപം ബസ്സ്റ്റാന്റ് കൽപ്പാക്കുളം റോഡ്, ജില്ലാ ആശുപത്രി ഐ.എം.എ. ബൈപ്പാസ് റോഡ്. അഞ്ച് കോടി അറുപത്തിയൊന്ന് ലക്ഷം രൂപ ഭൂമി ഏറ്റെടുക്കുന്നതിന് അടക്കം പതിനാല് കോടി പത്ത് ലക്ഷം രൂപയാണ് മതിപ്പ് ചെലവ്. 05.02.2016-ൽ ഇതെല്ലാം സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു. എന്നാൽ ആദ്യം പ്രഖ്യാപിച്ച 21 പദ്ധതികൾ മാറ്റി കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന സമയത്ത് പത്ത് പദ്ധതികളായി ചുരുക്കി. അതിന് 1620.3 കോടി രൂപയുടെ മതിപ്പും പ്രഖ്യാപിച്ചു. പക്ഷേ ഒരു പൈസപോലും ഇതിനുവേണ്ടി റോഡ് ഫണ്ട് ബോർഡിന് നൽകിയില്ല. പിന്നീടത് അഞ്ച് പദ്ധതികളാക്കി മാറ്റി. ആ അഞ്ച് പദ്ധതി ഊരാലുങ്കൽ ലേബർ സർവ്വീസ് സൊസൈറ്റിയെ ഏൽപ്പിച്ചു. ആ പദ്ധതിയിൽ അങ്ങയുടെ ഈ ബൈപ്പാസ് പദ്ധതിയില്ല എന്ന വിവരം അറിയിക്കുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗത്തിലെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശമനുസരിച്ച് മറ്റ് നടപടിക്രമങ്ങൾ പാലിക്കാവുന്നതാണ്.

<u>റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ</u>

<u>ശ്രീ. പി. ടി. എ. റഹിം</u>: സർ, കേരളത്തിലെ പൊതുവിതരണ രംഗത്ത് സർക്കാരിന്റെ യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതെ സേവനം ചെയ്യുന്ന റേഷൻ വ്യാപാരികൾ ഇന്ന് സെക്രട്ടേറിയറ്റിലേയ്ക്ക് ഒരു സമരം നയിക്കുകയാണ്. പരമാവധി 100 ക്വിന്റൽ ഭക്ഷ്യധാന്യം വിൽക്കുന്ന ഒരു റേഷൻ വ്യാപാരിക്ക് ഇന്നത്തെ അവസ്ഥയിൽ ലഭിക്കുന്ന കമ്മീഷൻ വെറും പതിനായിരം രൂപയിൽ താഴെയാണ്. യു.ഡി.എഫ്. സർക്കാർ നൂറ് രൂപ കമ്മീഷൻ കൊടുക്കാമെന്ന് വാഗ്ദാനം നൽകിയിരുന്നുവെങ്കിലും 89 രൂപ മുതൽ 92 രൂപ വരെയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ നേരിട്ട് നടത്തുന്ന മാവേലി സ്റ്റോറുകളിലും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് എല്ലാ വിഭാഗങ്ങൾക്കും സർക്കാർ എല്ലാവിധ ആനുകൂല്യങ്ങളും നൽകുമ്പോൾ റേഷൻ വ്യാപാരികൾക്ക് മാത്രം ഒരു ആനുകൂല്യവും നൽകുന്നില്ല. ഇപ്പോൾ കേന്ദ്ര സർക്കാർ എ.പി.എൽ. കാർഡുകൾക്കുള്ള റേഷൻ വിഹിതവും മണ്ണെണ്ണയുടെ അളവും വെട്ടിക്കുറച്ചിരിക്കുകയാണ്. ഇത് കേരളത്തിന്റെ പൊതുവിതരണ സംവിധാനത്തെ തകർക്കും. ഭക്ഷ്യ ഭദ്രതാ നിയമം കേരളത്തിൽ നടപ്പിലാക്കി കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ സാധനങ്ങൾ കടയിൽ

എത്തിച്ചു നൽകി റേഷൻ വ്യാപാരികൾക്ക് കൃത്യമായ വേതനം നൽകി ഈ രംഗത്ത് പണിയെടുക്കുന്ന റേഷൻ വ്യാപാരികൾ കള്ളനെന്നും കരിഞ്ചന്തക്കാരനമെന്ന വിളിപ്പേര് അവസാനിപ്പിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടാണ് ഇന്ന് ഈ സമരം നടത്തുന്നത്. ഈ കാര്യത്തിൽ സർക്കാരിന്റെ സത്വരമായ ശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, 01.01.2015-ലെ സർക്കാർ ഉത്തരവ് നം.1/2015/ഭ.പൊ.വ. പ്രകാരം 2015 ജനുവരി ഒന്നുമുതൽ ക്വിന്റലിന് 100 രൂപ എന്ന നിരക്കിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. അന്ത്യോദയ അന്നയോജന പദ്ധതിയൊഴികെയുള്ള സ്കീമുകൾക്ക് 2016 മെയ് വരെയും അന്ത്യോദയ പദ്ധതിയുടെ കമ്മീഷൻ 2016 ഫെബ്രുവരി മാസം വരെയും നൽകിയിട്ടുണ്ട്. കുടിശ്ശിക തുക നൽകുന്ന കാര്യം പരിഗണനയിലാണ്. കൂടാതെ റേഷൻ വ്യാപാരികൾക്കും സഹായികൾക്കും ജീവ പര്യാപ്ത വേതനം നടപ്പിലാക്കുന്ന വിഷയവും സർക്കാർ പരിശോധിച്ചുവരികയാണ്. ഭക്ഷ്യ ഭദ്രതാ നിയമത്തിൽ എ.പി.എൽ., ബി.പി.എൽ. വിഭാഗത്തിന് പകരം

മുൻഗണനന, മുൻഗണനേതര വിഭാഗങ്ങളെയാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് ആധാർ ഉപയോഗിച്ച് ഡി ഡ്യൂപ്ലിക്കേഷൻ നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി 2016-മാർച്ച് മാസത്തിൽ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. റേഷൻ കടകൾ നവീകരിക്കുന്നതിന്റെ ഭാഗമായി മറ്റ് പലചരക്ക് സാധനങ്ങൾ കൂടി ന്യായവിലയ്ക്ക് നൽകുന്ന കടകളായി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നിയമവിരുദ്ധമായി പ്രവർത്തിച്ചതിന് സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ള 921 റേഷൻ കടകൾക്കെതിരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിൽനിന്നും മുൻഗണനാവിഭാഗങ്ങൾക്ക് നൽകിയശേഷം ബാക്കിവരുന്ന ഭക്ഷ്യധാന്യം നിയമത്തിന്റെ പരിധിയിൽ വരാത്തവർക്ക് നൽകുവാൻ

കഴിയും. കേരളത്തിലെ റേഷൻ വ്യാപാരി ക്ഷേമനിധി അംഗങ്ങളുടെ പെൻഷൻ 500 രൂപയിൽനിന്നും 1500 രൂപയാക്കി 26.02.2015-ലെ സർക്കാർ ഉത്തരവ് നം. 7/2016/ഭ.പൊ.വ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ പെൻഷൻ പ്രായം 65 വയസ്സിൽനിന്നും 62 വയസ്സാക്കി 07.01.2016-ലെ സർക്കാർ ഉത്തവ് നം.01/2016/ഭ.പൊ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ റേഷൻ വ്യാപാരികൾക്കും കുടുംബത്തിനുമുള്ള ഇൻഷുറൻസ് പരിരക്ഷ വർദ്ധിപ്പിക്കുക, പെൻഷൻ പ്രായം അറുപത് വയസ്സാക്കുക എന്നീ ആവശ്യങ്ങളിന്മേൽ കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡുമായി ആലോചിച്ച് നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. കെ. വി. വിജയദാസ്: സർ, എന്റെ നിയോജകമണ്ഡലമായ കോങ്ങാട് മണ്ഡലത്തിലെ കരിമ്പ പഞ്ചായത്ത് പശ്ചിമഘട്ട മലനിരകളോട് സാദൃശ്യമുള്ള ഒരു മലയോര പ്രദേശമാണ്. വൈദ്യുതി ഉല്പാദിപ്പിച്ച് ഇലക്ട്രിസിറ്റി ബോർഡിന് കൈമാറുന്ന 1996-ൽ ജില്ലാ പഞ്ചായത്ത്

നടപ്പിലാക്കിയ മീൻവല്ലം മിനിഹൈഡൽ പ്രോജക്ട് നിലനിൽക്കുന്ന പഞ്ചായത്ത് കൂടിയാണ് കരിമ്പ പഞ്ചായത്ത്. നിലവിൽ ഏഴെട്ട് കിലോമീറ്റർ ചുറ്റി സഞ്ചരിച്ച് തച്ചൻപാറയിൽ പോയിട്ടാണ് വൈദ്യുതി ബോർഡിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത്. മാത്രമല്ല ലൈൻ പൊട്ടി വീഴൽ, പോസ്റ്റ് മറിഞ്ഞ് വീഴൽ, മരം വീഴൽ തുടങ്ങിയവ അവിടത്തെ നിത്യ സംഭവമാണ്. ഏറ്റവും കൂടുതൽ മഴപെയ്യുന്ന പ്രദേശമാണ് കരിമ്പ-കല്ലടിക്കോട് പ്രദേശം. കേരളത്തിലെ ചിറാപ്പുഞ്ചി എന്ന് അറിയപ്പെടുന്ന കരിമ്പ-കല്ലടിക്കോട് മേഖലയിൽ മരം വീഴലും പോസ്റ്റ് പൊട്ടി വീഴലും ലൈൻ പൊട്ടി വീഴലുമൊക്കെ നിത്യ സംഭവമായിരിക്കുമ്പോൾ അവിടെ ഉദ്യോഗസ്ഥർ വരേണ്ടത് അത്യാവശ്യമാണ്. വളരെ ദൂരെനിന്നുള്ള പ്രദേശത്തുനിന്ന് ഇവിടേയ്ക്ക് വരുന്നത് വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. റിപ്പയറിംഗിന് സെക്ഷൻ ഓഫീസില്ലാത്തതിന്റെ പ്രയാസം ജനങ്ങൾ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് കല്ലടിക്കോട് കേന്ദ്രമാക്കി കരിമ്പ പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് അനുവദിച്ച് തരണമെന്ന് വിനയപുരസ്സരം ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട്

അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പാലക്കാട് ജില്ലയിൽ കോങ്ങാട് മണ്ഡലത്തിലെ കാരാക്കുറിശ്ശി, കരിമ്പ എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ഇ.ബി. പരിശോധിച്ചിരുന്നു. ഈ പ്രദേശങ്ങൾ അടുത്തടുത്ത് വരുന്നതാകയാൽ പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുകയാണെങ്കിൽ മിക്കാവാറും ഒരേ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ഉപഭോക്താക്കളാകും പുതുതായി രൂപം കൊള്ളുന്ന സെക്ഷൻ ഓഫീസുകളിൽ വരുമെന്നുള്ളതിനാലും ഒരേ സമയം രണ്ട് സെക്ഷൻ ഓഫീസുകൾ ആവശ്യമായി വരുന്നില്ല. കരിമ്പ എന്നത് കോഴിക്കോട്-പാലക്കാട് ഹൈവേയുടെ സമീപമുള്ള പ്രദേശമായതിനാലും ജില്ലാ പഞ്ചായത്ത് നിർമ്മിച്ച മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിക്ക് സമീപമായതിനാലും കരിമ്പ കേന്ദ്രീകരിച്ച് പുതിയ ഓഫീസാകും കൂടുതൽ ജനോപകാരപ്രദമെന്ന കണക്കുകൂട്ടലിൽ പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ വരുന്ന കൊങ്ങാട്, മുണ്ടൂർ എന്നീ രണ്ട് ഇലക്ട്രിക്കൽ

സെക്ഷനുകളിൽ നിന്ന് യഥാക്രമം രണ്ടായിരവും നാലായിരവും ഉപഭോക്താക്കളേയും ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ വരുന്ന തച്ചൻപാറ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് അയ്യായിരം ഉപഭോക്താക്കളേയും ഉൾപ്പെടുത്തി കരിമ്പ കേന്ദ്രീകരിച്ച് പുതിയ ഓഫീസെന്ന പ്രൊപ്പോസലിനാണ് ബോർഡ് ഊന്നൽ നൽകിയത്. നൂറിൽപ്പരം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള മുണ്ടൂർ-കൊങ്ങാട് ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ യഥാക്രമം 13905 ഉം 14669 ഉം ഉപഭോക്താക്കളും ഉദ്ദേശം എൺപത് ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള തച്ചൻപാറ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ 17480 ഉപഭോക്താക്കളുമാണ് ഇപ്പോഴുള്ളത്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ ഇരുപത്തി അയ്യായിരത്തിലധികം ആകുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ ഇരുപതിനായിരത്തിലധികമാകുന്ന സാഹചര്യത്തിലാണ് സാധരണ ഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയൊരു സെക്ഷൻ

ഓഫീസ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ മേൽപ്പറഞ്ഞ സെക്ഷന്റെ കാര്യത്തിൽ ഇപ്പോൾ പാലിക്കപ്പെടുന്നില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും ഇപ്പോൾ പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്.

<u>ജപ്തി നടപടികളിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീമതി സി. കെ. ആശ</u>: സർ, വൈക്കം താലൂക്കിലെ വിവിധ വില്ലേജുകളിലും മീനച്ചൽ താലൂക്കിലെ ഏതാനും വില്ലേജുകളിലും ഉൾപ്പെട്ട നാന്നൂറോളം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുടുംബക്കാർ ജെ.എൽ.ജി. ഗ്രൂപ്പ് ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം വൈക്കം താലൂക്കിലെ തലയോലപ്പറമ്പ് കാനറാ ബാങ്ക് ശാഖയിൽ നിന്ന് ഇരുപത്തി അയ്യായിരം രൂപ ലോണെടുത്ത് മുയൽ കൃഷി നടത്തി. ഇവർക്ക് മൃഗസംരക്ഷണ

വകുപ്പിന്റെ കീഴിലുള്ള തലയോലപ്പറമ്പ് ശാഖയിൽ നിന്ന് മുയൽ വളർത്തലിൽ പരിശീലനവും ലഭിച്ചിരുന്നു. കൂടാതെ നേഷൻ പ്ലസ് നേച്ചർ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ ഭൂലക്ഷ്മി യോജന എന്ന പ്രോജക്ടിന്റെ പരിപാലന സഹായവും ലഭിച്ചിരുന്നു. മുയൽ കൃഷി വിജയകരമായി തീരുകയും കർഷകർ കൃത്യമായി ലോൺ തവണ തിരിച്ചടവ് നടത്തുകയും ചെയ്ത സമയത്ത് 2011-12-ലെ അതിരൂക്ഷമായ വെള്ളപ്പൊക്കത്തിൽ മുയലുകൾ ചത്ത് നശിക്കുകയും ലോൺ തിരിച്ചടവ് മുടങ്ങുകയും ചെയ്തു. അംഗങ്ങളുടെ ശ്രമഫലമായി മുയൽ കൃഷി പുനരാരംഭിച്ച് മുയലുകളുടെ വില്പന നല്ലരീതിയിൽ തുടങ്ങിയ സന്ദർഭത്തിലാണ് 2014 ആഗസ്റ്റ് 11-ന് കേന്ദ്ര സർക്കാർ മുയലിറച്ചിയുടെ ഉപയോഗവും വില്പനയും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ് അതോറിറ്റി ഓഫ് ഇന്ത്യ നിരോധിച്ചത്. ഇതുമൂലം മുയൽ കർഷകർക്കുണ്ടായിരുന്ന വിപണി നഷ്ടപ്പെടുകയും മുയൽ വളർത്തൽ നിന്നുപോകുകയും ചെയ്തു. എന്നാൽ 2016 ഏപ്രിൽ 2 ന് കേന്ദ്ര സർക്കാർ മേൽപ്പറഞ്ഞ നിയമ നിരോധനം പിൻവലിച്ചു. തദവസരത്തിൽ തലയോലപ്പറമ്പ് കാനറാ ബാങ്ക് ശാഖയിൽ നിന്ന് 2016 മാർച്ച് മുതൽ

ഇരുപത്തി അയ്യായിരം രൂപ ലോണെടുത്ത ഓരോ കർഷകനും രണ്ട് ലക്ഷം മുതൽ നാല് ലക്ഷം രൂപവരെയുള്ള തുകയ്ക്ക് ആർ. ആർ. നടപടികൾ സ്വീകരിച്ചുവരുന്നു. കാലവർഷക്കെടുതിയും കേന്ദ്ര സർക്കാരിന്റെ തെറ്റായ നയവുംമൂലമുണ്ടായ ആർ.ആർ. നടപടികൾ കോളനികളിലും ലക്ഷംവീടുകളിലും താമസിക്കുന്ന അന്നന്നത്തെ അന്നത്തിന് വകതേടുന്നവരുമായവർക്ക് താങ്ങാവുന്നതിലും അധികമാണ്. ഈ സാഹചര്യത്തിൽ ഇവർക്കെതിരെയുള്ള ആർ.ആർ. നടപടികൾ അടിയന്തിരമായി റദ്ദാക്കുകയും ബാങ്ക് ലോൺ എഴുതി തള്ളുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വൈക്കം-മീനച്ചൽ താലൂക്കുകളിൽ മുയൽകൃഷിക്ക് ലോണെടുത്ത എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങളാണ് ബഹുമാന്യയായ മെമ്പർ ഇവിടെ ഉന്നയിച്ചത്. വൈക്കം മീനച്ചൽ താലൂക്കുകളിൽ മുയൽകൃഷിക്ക് ലോണെടുത്ത എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 2011-12 സാമ്പത്തിക

വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്ന് മുയൽ വളർത്തൽ പദ്ധതി എന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഈ വിഷയം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ഒരു ചാരിറ്റബിൾ സൊസൈറ്റിയുടെ ഭൂലക്ഷ്മി യോജന എന്ന പദ്ധതി പ്രകാരം വിവിധ കുടുബങ്ങൾക്ക് തലയോലപ്പറമ്പ് കാനറാ ബാങ്കിൽ നിന്ന് മുയൽ വളർത്തലിനായി ലോൺ അനുവദിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ കുടുംബങ്ങൾക്ക് തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും മുയൽ വളർത്തലിനായി സൗജന്യ പരിശീലനം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ധനസഹായമോ മറ്റ് സേവനങ്ങളോ നൽകിയിട്ടില്ലായെന്നും അറിയിക്കുന്നു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ് അതോറിറ്റി ഓഫ് ഇന്ത്യ കശാപ്പ് ചെയ്യുന്ന മൃഗങ്ങളുടെ പട്ടികയിൽ മുയലിനെ ഉൾപ്പെടുത്താത്തതുകാരണം മുയലുകളുടെ വില്പന നടക്കാതാകുകയും ഗണ്യമായ നഷ്ടവും വിപണന പ്രതിസന്ധിയുണ്ടാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ 23-05-2016-ൽ

പുറപ്പെടുവിച്ച നിയമ ഭേദഗതിയുടെ കരടിൽ മുയലിനെ വീണ്ടും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 2011-12-ൽ ലോണെടുത്ത കർഷകർക്ക് മുയൽ വില്പന അസാധ്യമായ കാലയളവിൽ അവരുടെ വായ്പയും പിഴപ്പലിശയുമുൾപ്പടെ വൻതുക അടയ്ക്കേണ്ടി വരുന്ന സാഹചര്യത്തിൽ മുയൽ കർഷകർക്ക് അവരുടെ കടം എഴുതി തള്ളുന്നതിനോ റവന്യൂ റിക്കവറി നിർത്തിവയ്ക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കുന്ന കാര്യം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ടു കൂടി പരിഗണിക്കാവുന്നതാണ്.

<u>ചികിത്സാ പിഴവുമൂലം ഗർഭിണി മരണപ്പെട്ട സംഭവം</u>

<u>ശ്രീ. സി. ദിവാകരൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ അത്യന്തം ദാരുണമായ ഒരു സംഭവം കഴിഞ്ഞ ദിവസമുണ്ടായി. പട്ടികജാതി/പട്ടികവിഭാഗത്തിൽപ്പെടുന്ന സുരേഷിന്റെ ഭാര്യ 24 വയസ്സ് പ്രായമുള്ള നീതുവിനെ കന്യാകുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രസവത്തിന് വേണ്ടി അഡ്മിറ്റ് ചെയ്തു. 27-ാം തീയതി പ്രസവിക്കുമെന്നാണ് ഡോക്ടർമാർ പറഞ്ഞിരുന്നത്. പ്രസവിച്ചില്ലെന്ന് മാത്രമല്ല ആ പാവപ്പെട്ട

ഗർഭിണിയെ ശുശ്രൂഷിക്കാൻ ബന്ധപ്പെട്ട ഡോക്ടർമാർ അവിടെയില്ലായിരുന്നു. രാത്രി പാരാമെഡിക്കൽ സ്റ്റാഫ് ചികിത്സ തുടങ്ങി. രോഗി ബോധംകെട്ടു വീണു. അവിടുന്ന് എസ്.എ.ടി. ആശുപത്രിയിലേക്ക് മാറ്റി. എസ്.എ.ടി. ആശുപത്രിയിൽ ഞാനന്വേഷിച്ചപ്പോൾ അവിടെ രോഗി വന്നിട്ടില്ല ഒരു ഡെഡ്ബോഡിയാണ് കൊണ്ടു വന്നത്, അത് മോർച്ചറിയിലേക്ക് മാറ്റി എന്നാണ് എനിക്ക് കിട്ടിയ വിവരം. തിരുവനന്തപുരം മെഡിക്കൽ കോളേജ് മോർച്ചറിയിൽ ഇന്നലെ ഞാൻ പോയിരുന്നു. സമയത്ത് പോസ്റ്റ് മോർട്ടം ചെയ്തു കിട്ടുമെന്ന് വിചാരിച്ചു. പോസ്റ്റ് മോർട്ടം ചെയ്യാൻ വളരെ ബുദ്ധിമുട്ടായി. കാരണം രോഗിയെ അഡ്മിറ്റ് ചെയ്ത കേസ് ഷീറ്റ് ഡി.എം.ഒ. എടുത്തുകൊണ്ടു പോയി അദ്ദേഹത്തിന്റെ ഓഫീസിൽ വച്ചു. ഞാൻ അദ്ദേഹത്തെ ബന്ധപ്പെട്ടപ്പോൾ പറഞ്ഞത് ഇന്ന് ഞായറാഴ്ച ആയതിനാൽ ഓഫീസ് തുറക്കില്ല കേസ് ഷീറ്റ് എടുക്കാൻ കഴിയില്ലെന്നാണ്. പോസ്റ്റ് മോർട്ടം നടത്തുന്ന ഡോക്ടർ പറയുന്നത് കേസ് ഷീറ്റില്ലാതെ പോസ്റ്റ് മോർട്ടം നടത്താൻ കഴിയില്ലായെന്നാണ്. മോർച്ചറിയുടേയും ആശുപത്രിയുടെ ചുറ്റും

ആളുകളാണ്. അവർ വയലന്റാകുന്നു. അതിനുശേഷം രണ്ടാമത്തെ പരാതിയെന്നത് പോലീസ് വന്നില്ല എന്നുള്ളതാണ്. ഞാൻ പോലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ടപ്പോൾ ഒരു ഫോട്ടോഗ്രാഫറെ അയച്ചു. പോസ്റ്റ് മോർട്ടം നിയമമനുസരിച്ച് വീഡിയോഗ്രാഫർ വേണം. രണ്ടാമത് വീഡിയോഗ്രാഫറെ അന്വേഷിച്ചു. അപ്പോൾ ഡോക്ടർ പറയുന്നത് ഞായറാഴ്ച ആയതിനാൽ 12 മണി കഴിഞ്ഞാൽ പോസ്റ്റ് മോർട്ടം നടത്താൻ കഴിയില്ലായെന്നാണ്. വളരെ ദയനീയമായ അവസ്ഥയിൽ അവസാനം കാല് പിടിച്ച് ഞാൻ ഇതെല്ലാം നടത്തിച്ചു. ഇന്നലെ രാത്രി ഞാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലനെ ബന്ധപ്പെട്ടു. നിയമസഭ നടന്നുകൊണ്ടിരിക്കുമ്പോൾ നെടുമങ്ങാട് മണ്ഡലത്തിലെ കന്യാകുളങ്ങര എം.സി. റോഡിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു പാവപ്പെട്ട എസ്.സി./എസ്.ടി. സ്ത്രീക്കും അവരുടെ കുടുംബത്തിനും ഉണ്ടായ ദാരുണമായ സംഭവമാണിത്. ഞാൻ ഇന്നലെ ഉറങ്ങിയില്ല, പോസ്റ്റ് മോർട്ടം ചെയ്യാൻ ടേബിളിൽ കിടത്തിയിരിക്കുന്ന ബോഡി എന്നെ കാണിച്ചു. പൂർണ്ണ ഗർഭിണിയാണ്. ആ കുട്ടിയും സ്ത്രീയും മരിച്ചു. ഇതിൽ

കുറ്റവാളികളുണ്ട്. ഡോക്ടർ വീട്ടിലിരുന്നിട്ടാണ് നിർദ്ദേശം കൊടുത്തത്. പോലീസ് സമയത്തിന് ഒന്നും ചെയ്തില്ല. വെഞ്ഞാറമൂട്ടിൽ പ്രതിഷേധം നടത്തിയ ആളുകളെ മുഴുവൻ പോലീസ് അറസ്റ്റ് ചെയ്ത് മർദ്ദിച്ചു. അതിലും ഞാൻ ഇടപെട്ടു. മന:പൂർവ്വമായ ഗൂഢാലോചന ആരോ നടത്തുകയാണ്. ഒരു ജീവിതവും കുടുംബവും പോയി. ഇതേപ്പറ്റി സമഗ്രമായ ഒരു അന്വേഷണം നടത്തണം. ബഹുമാനപ്പെട്ട എ. കെ. ബാലൻ അങ്ങയുടെ വകുപ്പിന്റെയോ ഗവൺമെന്റിന്റേയോ സാമ്പത്തിക സഹായം അവർക്ക് നൽകണം. കേരളത്തിൽ ചികിത്സാ പിഴവുകൊണ്ട് ഗർഭിണി ആശുപത്രിയിൽ മരിക്കുന്ന സംഭവം അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ല.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) സർ, നീതു (24 വയസ്സ്), സുമ ഭവൻ, ചെമ്പൂർ, പൂർണ്ണ ഗർഭിണിയായി പ്രസവത്തിനായി 21.10.2016-ന് 1.30-ന് തിരുവനന്തപുരം ജില്ലയിലെ കന്യാകുളങ്ങര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ടു. പ്രസവം പ്രതീക്ഷിക്കുന്ന തീയതി 22.10.2016 ആയതിനാൽ സാധാരണ പ്രസവത്തിനാണ് അഡ്മിറ്റ് ചെയ്തത്.

പരിശോധനയിൽ ഗർഭസ്ഥ ശിശുവിന്റെ കിടപ്പും ഹൃദയമിടിപ്പും സാധാരണ നിലയിലായിരുന്നു. നീതുവിന്റെ പൾസ്, ബി.പി. എന്നീ ശാരീരിക അവസ്ഥകൾ സാധാരണ ഗതിയിലായിരുന്നു. എന്നാലും സാധാരണഗതിയിൽ പ്രസവത്തിനായുള്ള തുടക്കങ്ങളൊന്നുംതന്നെ പരിശോധനാവേളയിൽ ഉണ്ടായിരുന്നില്ല. അതിനാൽ 22.10.2016-ന് രാവിലെ വരെ നിരീക്ഷിക്കുന്നതിനും ആവശ്യമെങ്കിൽ സിസേറിയൻ നടത്തുന്നതിനുമായി തീരുമാനിച്ചു. പിറ്റേദിവസം (22.10.2016) രാവിലെ 6 മണിക്ക് നടത്തിയ പരിശോധനയിൽ അസാധാരണമായി ഒന്നുംതന്നെ കണ്ടില്ല. അതിനാൽ രാവിലെ 6.30-ന് സിസേറിയൻ ഓപ്പറേഷനുവേണ്ടി ഒരുക്കുന്നതിന്റെ ഭാഗമായി എനിമ നൽകി ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ ഗർഭിണിക്ക് അപസ്മാരമുണ്ടായി. അതിനുവേണ്ട അടിയന്തര ചികിത്സ നൽകിയതിനുശേഷം 108 ആംബുലൻസിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിലേക്ക് അയയ്ക്കുകയാണുണ്ടായത്. എസ്.എ.റ്റി. ആശുപത്രിയിൽ എത്തിയപ്പോഴേക്കും ഗർഭിണി മരണപ്പെട്ടിരുന്നു. 23.10.2016-ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽവച്ച് പോസ്റ്റുമോർട്ടം നടത്തിയിരുന്നു. അവയവങ്ങളുടെ രാസപരിശോധനാ റിപ്പോർട്ട് കൂടി ലഭിച്ചാൽ മാത്രമേ

യഥാർത്ഥ മരണ കാരണം വ്യക്തമാകുകയുള്ളൂ. 22.10.2016-ന് തന്നെ തിരുവനന്തപുരം ഡി.എം.ഒ.-യുടെ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡോക്ടറെ ഡ്യൂട്ടിയിൽ നിന്ന് മാറ്റി നിർത്തിയിട്ടുണ്ട്. ഈ സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തുന്നതായിരിക്കും. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.